# വൈലോപ്പിള്ളി
# എസ്.എം.എം
## ജി.വി.എച്ച്.എസ്.എസ്
## ഒല്ലൂർ

അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉണർവ്വ്

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | വൈലോപ്പിള്ളി ശ്രീധരമേനോൻ മെമ്മോറിയൽ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഒല്ലൂർ |
| 2. വിലാസം | : | ക്രിസ്റ്റഫർ നഗർ, ഒല്ലൂർ പി.ഒ., പിൻ-680 306 |
| 3. ഫോൺ | : | 0487 235 2628 (എച്ച്.എസ്.) |
| | : | 0487 2354300 (വി.എച്ച്.എസ്.എസ്) |
| 4. സ്കൂൾ കോഡ് | : | 22059 (എച്ച്.എസ്) |
| | : | 908020 (വി.എച്ച്.എസ്.എസ്) |
| 5. വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർ ഈസ്റ്റ് |
| 6. വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| 7. റവന്യൂ ജില്ല | : | തൃശ്ശൂർ |
| 8. യു.ആർ.സി. | : | തൃശ്ശൂർ |
| 9. കോർപ്പറേഷൻ | : | തൃശ്ശൂർ |
| 10. നിയമസഭാ മണ്ഡലം | : | ഒല്ലൂർ |
| 11. ലോകസഭാ മണ്ഡലം | : | തൃശ്ശൂർ |
| 12. താലൂക്ക് | : | തൃശ്ശൂർ |
| 13. വില്ലേജ് | : | ഒല്ലൂർ |
| 14. ഇ-മെയിൽ | : | vsmmgvhssollur@gmail.com (H.S)<br>gvhssollur@vhsethrissur.org (VHSE) |
| UDISE Code | | 32071801401 |

ആമുഖം

പൊതു ലക്ഷ്യങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ

ഉപമേഖലകൾ

ഇംഗ്ലീഷ് ഭാഷാ പഠനം

മലയാളം ഭാഷാപഠനം

ഹിന്ദി ഭാഷാ പഠനം

ശാസ്ത്ര പഠനം

ഗണിത പഠനം

ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തിപരിചയം

കലാവിദ്യാഭ്യാസം

സാമൂഹ്യ ശാസ്ത്ര പഠനം

കോമേഴ്സ് പഠനം

ഭൗതിക സൗകര്യവികസന ആസൂത്രണ രേഖ

സമൂഹബന്ധ ആസൂത്രണരേഖ

മോണിറ്ററിംഗ് രീതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെ വിദ്യാലയത്തെയും അവിടെ നടക്കുന്ന പ്രവർത്തനങ്ങളെയും മികവുറ്റതാക്കാനുള്ള പദ്ധതികളുടെ ആസൂത്രണമാണിത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തികൊണ്ട് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം സജ്ജമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികളുടെ ആസൂത്രണമാണ് ഞങ്ങൾ തയ്യാറാക്കുന്നത്. ഏറെ പരിമിതികൾ നേരിടുന്ന ഞങ്ങളുടെ വിദ്യാലയത്തിന് സാമൂഹിക പിന്തുണയോടെ ഈ നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന് ഉറപ്പാണ്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

1919ൽ കൊച്ചി സർക്കാർ ഒല്ലൂർ പള്ളിവക കെട്ടിടത്തിൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്ക്കൂളാണ് ഗവ. ഹൈസ്ക്കൂളായി പരിണമിച്ചത്. പ്രഥമ പ്രധാനാധ്യാപകൻ ശ്രീമാൻ സഹസ്രനാമയ്യർ ആയി വികസനരംഗത്ത് വളരെ മുന്നിലായിരുന്ന ഒല്ലൂരിലെയും സമീപപ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസമേഖലയിൽ സ്തുത്യർഹസേവനം കാഴ്ചവെച്ചിട്ടുള്ള ഈ വിദ്യാലയത്തിൽ 1963 മുതൽ 1966 വരെ ശ്രീ വൈലോപ്പിള്ളി ശ്രീധരമേനോനായിരുന്നു പ്രഥമസാരഥി. 2012 മുതൽ ഈ വിദ്യാലയം വൈലോപ്പിള്ളി ശ്രീധരമേനോൻ മെമ്മോറിയൽ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി എന്ന പേരിൽ അറിയപ്പെടുന്നു. ഒല്ലൂർ ക്രിസ്റ്റഫറിന് സമീപമുള്ള 5½ഏക്കർ ഭൂമിയിൽ 3 നില കോൺക്രീറ്റ് കെട്ടിടത്തിലാണ് സ്ക്കൂൾ പ്രവർത്തിക്കുന്നത്. 1980 കളിൽ ഒല്ലൂരിലും സമീപത്തും ധാരാളം എയ്ഡഡ്, അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ആരംഭിച്ചതോടെ കുട്ടികളുടെ എണ്ണം കുറഞ്ഞു 1991 ൽ വി.എച്ച്.എസ്.സി ആരംഭിച്ചു. ഇപ്പോൾ ഹൈസ്ക്കൂൾ യു.പി.വിഭാഗങ്ങളിലായി 407 കുട്ടികളും വി.എച്ച്.എസ്.സി.യിൽ 180 കുട്ടികളും പഠനം

നടത്തുന്നു. വിദ്യാലയ പരിസരവാസികൾ, പൂർവ്വവിദ്യാർത്ഥികൾ പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, SMC, PTA തുടങ്ങിയ സമിതികളുടെ ശക്തമായ പിന്തുണ വിദ്യാലയം പുരോഗതിക്കേറെ സഹായിച്ചു. എങ്കിലും കുട്ടികളുടെ മികവിന്റെ സമസ്ത മേഖലകളുടേയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ കുറച്ചുകൂടി മുന്നോട്ട് വരേണ്ടതുണ്ട്. കലാലയ രംഗത്ത് വളരെ പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥികളാൽ സമ്പന്നമായ ഈ വിദ്യാലയത്തിൽ സ്പെഷലിസ്റ്റ് അധ്യാപകരാരും തന്നെയില്ല. സാമ്പത്തികമായും സാമൂഹ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് അധികവും എന്നതുകൊണ്ട് വീടുകളിൽ നിന്നും പഠന കാര്യങ്ങളിൽ അവർക്ക് പിന്തുണ ലഭിക്കുന്നില്ല. റിസോഴ്സ് അധ്യാപകരുടെ സേവനവും ലഭ്യമല്ല, ഇത്തരം സാഹചര്യങ്ങളിൽനിന്നും പോലും മൂന്നുവർഷവും 100% റിസൽട്ട് 10 -ാം ക്ലാസ്സിൽ കൈവരിച്ചിട്ടുണ്ട്. സബ് ജില്ലാ തലത്തിലും ജില്ലാ തലത്തിലുമുള്ള വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ആക്കുക എന്നതിനോടൊപ്പം ഭാഷാപഠനത്തിന് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ഒരുക്കുന്നു. ഒരു ലഹരി വിമുക്ത തലമുറ എന്ന ലക്ഷ്യത്തിന് കൂടുതൽ പ്രാധാന്യം നൽകും. ഒരോ വിഷയത്തിലും അടിസ്ഥാന അറിവ് കൊടുക്കുന്നതിനുള്ള പരിശ്രമങ്ങൾ മികച്ച രീതിയിൽ നടത്തുന്നുണ്ട്. ആക്ററിവിറ്റി oriented ആയി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നുണ്ടെങ്കിലും 50% വിദ്യാർത്ഥികളും ശരാശരിയിൽ താഴെ ആയതിനാൽ ഉയർന്ന ഗ്രേഡ് ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾ മാത്രം പഠിക്കുന്ന ഈ വിദ്യാലയത്തെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ സ്ക്കൂൾ വികസന സമിതിയുടേയും പി.ടി.എ യുടേയും നേതൃത്വത്തിൽ നടന്നുവരുന്നു.

2 Full A+ — SSLC 2021 March

## വിദ്യാലയ മികവുകൾ

- തുടർച്ചയായി 100 % വിജയം
- മലയാളം അക്ഷരമുറപ്പിക്കൽ ക്ലാസുകൾ
- പഠനത്തിൽ പിന്നോക്കമുള്ളവർക്ക് അധികപഠനം
- 5 ,8 ,9 ക്ലാസ്സുകാർക്ക് ശ്രദ്ധ , നവപ്രഭ പഠനപരിപാടികൾ
- സ്കൂൾ അസംബ്ലിയിൽ പുസ്തകപരിചയം , നാട്ടുസസ്യങ്ങളെ പരിചയപ്പെടുത്തൽ
- കോർണർ പി ടി എ
- മാമ്പഴം കവിതാ പഠനശിബിരം
- നേർക്കാഴ്ച എന്ന പരിപാടി - സമൂഹത്തിലെ ഉന്നത വ്യക്തികളുമായുള്ള സംവാദം
- വുഡ് കാർവിങ് , വുഡ്‌വർക് എന്നീ ഇനങ്ങളിൽ എ ഗ്രേഡ്
- ജില്ലാതലത്തിൽ തിരക്കഥ രചനാശില്പശാലയിൽ പങ്കെടുക്കാനുള്ള യോഗ്യത
- ജൈവവൈവിധ്യപാർക് നിർമ്മാണം

- റെഡ്ക്രോസ് പ്രവർത്തനങ്ങൾ
- അഗതിമന്ദിരസന്ദർശനം
- കരനെൽകൃഷി, പച്ചക്കറിത്തോട്ടനിർമാണം
- ലഹരിവിരുദ്ധബോധവൽക്കരണക്ലാസ്സുകൾ
- ഓണക്കിറ്റ് വിതരണം
- കർഷകരുമായുള്ള സംവാദം
- ഫുട്ബോൾ ടീം, ക്രിക്കറ്റ് ടീം

# ലഹരിമുക്തവിദ്യാലയം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | റിമാർക്സ് |
|---|---|---|---|---|
| ലഹരി മുക്ത ക്യാമ്പസ് | ബോധവൽക്കരണ ക്ലാസ്സ് | നവംബർ | PTA, Cherpu Excise Preventive officer | 10/11/2025 School Councilo, Excise Cherpu, Ramachandran |
| അച്ചടക്ക ബോധം ഉണ്ടാക്കൽ | സ്കൂൾ സംരക്ഷണ സമിതി യോഗം ചേരൽ സൂക്ഷ്മപരി ശോധന | ജനുവരി | school Protection group,PTA, Excise Cherpu | 19/01/26 SPG, Excise |
| പഠനത്തിൽ താൽപര്യം വർദ്ധിപ്പി ക്കൽ | രക്ഷിതാക്കൾക്കും വിദ്യാർത്ഥി കൾക്കും ബോധവൽക്കരണ ക്ലാസ്സ് | ഫെബ്രുവരി | ലഹരി മുക്ത ക്യാമ്പ് PTA, Cherpu Civil Excise | 12/02/26 Civil Excise Officer |
| പഠനത്തിൽ ഏകാ ഗ്രത വർദ്ധിപ്പിക്കൽ | വാർത്ത് ശേഖരണം | മാർച്ച് | ലഹരി മുക്ത ക്യാമ്പ്, അധ്യാപ കർ | Sheena Malu, P. Ramachandran Sir (Prevention Officer) |

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് ഭൂരിഭാഗവും ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. കലാരംഗത്തും കായികരംഗത്തും സമർത്ഥരായ വിദ്യാർത്ഥികൾക്ക് അത്തരത്തിലുള്ള പരിശീലനത്തിനായി സ്പെഷലിസ്റ്റ് അധ്യാപകരുടെ സേവനം ഇവിടെ ലഭ്യമല്ല. പ്രവൃത്തി പരിചയമേളയിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികളും ഇവിടെ ഉണ്ട്. അവരെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതിനായുള്ള സൗകര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഒരുക്കേണ്ടതുണ്ട്. ഒരുപാട് വെല്ലുവിളികൾ നേരിടുന്ന കുടുംബത്തിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ മാനസികമായി ധാരാളം സംഘർഷങ്ങളിലൂടെ കടന്നുപോകുന്നവരാണ്. കൂടാതെ ഇന്നത്തെ സമൂഹം നേരിടുന്ന ലഹരിമരുന്ന് ഉപയോഗം, അമിതമായ ഇന്റർനെറ്റ് ഉപയോഗം, മൊബൈൽ ഫോൺ ഉപയോഗം എന്നിവയിൽ പെടാതെ വേണ്ട നിർദ്ദേശങ്ങൾ നൽകാനും കുട്ടികൾക്ക് വേണ്ട രീതിയിൽ കൗൺസലിങ്ങിനുമായി ഒരു കൗൺസലിങ്ങ് അധ്യാപകരുടെ സഹായം വേണ്ടതാണ്.

ധാരാളം പുസ്തകങ്ങൾ ഉണ്ടെങ്കിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലൈബ്രറി ഇല്ല. ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയുടെ ലാബുകൾ നല്ല രീതിയിൽ സജ്ജീകരിക്കേണ്ടതുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പഠനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന ഇക്കാലത്ത് അതിനുവേണ്ട സൗകര്യമാക്കേണ്ടതാണ്. കൂടാതെ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ അവരുടെ രക്ഷിതാക്കളുടെ സഹകരണവും കൂടുതൽ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.

(കുടുംബ പശ്ചാതലത്തിൽ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നവരും പഠനത്തിൽ പിന്നോക്കാവസ്ഥയിലുമായിട്ടുള്ള കുട്ടികൾ ധാരാളം ഇവിടെ പഠിക്കുന്നു) പഠനവൈവിധ്യമുള്ള വിദ്യാർത്ഥികളും ഉണ്ടെങ്കിലും ഇപ്പോഴാണ്. റിസോഴ്സ്

അധ്യാപികയുടെ സേവനം ലഭ്യമാകാൻ തുടങ്ങിയത് സ്പെഷലിസ്റ്റ് അധ്യാപകർ ആരും തന്നെ ഇല്ല ഇത്തരം സാഹചര്യങ്ങളിൽ നിന്നും തുടർച്ചയായി മൂന്നു വർഷവും 100% റിസർട്ട് പത്താം ക്ലാസ്സിൽ കൈവരിച്ചിട്ടുണ്ട്.

## പൊതുലക്ഷ്യങ്ങൾ

1. സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
2. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും അപ്പർപ്രൈമറി, ഹൈസ്ക്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും..
4 എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുള്ള കഴിവ് ഉറപ്പുവരുത്തും.
5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഗണിതപഠനത്തിൽ താൽപര്യമുള്ളവരാക്കുകയും ലളിതമായ ഗണിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുകയും ചെയ്യും.
6. ശാസ്ത്ര വിഷയങ്ങളിൽ താല്പര്യവും ഉളവാക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുകയും നമ്മുടെ ചുറ്റുപാടുമുള്ള ഔഷധ സസ്യങ്ങളെ തിരിച്ചറിയാൻ പ്രാപ്തരാക്കും.
7. സാമൂഹ്യപ്രശ്നങ്ങളെകുറിച്ച് അവബോധം ഉണ്ടാക്കുവാനും വർത്തമാനകാലസംഭവങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കാനുമുള്ള കഴിവ് മെച്ചപ്പെടുത്തും. നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് കൂടുതൽ അറിയാൻ സാധിക്കും. ഇൻഡ്യയെകുറിച്ച്, ഭരണഘടനയെകുറിച്ച്, അവകാശങ്ങളെകുറിച്ച് കൂടുകൽ അറിവ് നേടുവാൻ പരിശീലിപ്പിക്കും
8. ലഹരി വിമുക്തവും മാലിന്യരഹിതവുമായ ഒരു സ്ക്കുൾ അന്തരീക്ഷവും ഉറപ്പുവരുത്തും.

# സ്മാർട്ട് ഇംഗ്ലീഷ്

വിഷയം: ഇംഗ്ലീഷ്

അവസ്ഥാ വിശകലനം: ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി പ്രയോഗിക്കാനുള്ള കഴിവ് കുറവ്, വാക്കുകൾ തെറ്റുകൂടാതെ എഴുതുന്നതിനുള്ള കഴിവ് കുറവ് വാചകങ്ങൾ ചേർന്ന് വായിക്കുന്നതിനുള്ള കുറവ്

പ്രവർത്തനപരിപാടിയുടെപേര്: സ്മാർട്ട് ഇംഗ്ലീഷ്

പ്രതീക്ഷിത നേട്ടങ്ങൾ

1) കുട്ടികൾക്ക് ചെറിയ പദ്യങ്ങൾ, വാക്കുകൾ, വാചകങ്ങൾ, സ്റ്റോറീസ് എന്നിവ വായിക്കാൻ സാധിക്കുന്നു.
2) പുസ്തകങ്ങൾ വായിച്ച് ആശയം മനസ്സിലാക്കുന്നു.
3) ഇംഗ്ലീഷ് വാചകങ്ങൾ തെറ്റ് കൂടാതെ എഴുതുന്നു.
4) ഭാഷ പ്രയോഗിക്കാനുള്ള കഴിവ് നേടുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണകാലം |
|---|---|---|---|
| 1 | ഇംഗ്ലീഷ് പദ്യങ്ങൾ, ചെറിയസംഭാഷണങ്ങൾ, സ്പീച്ച് എന്നിവ കേൾക്കാൻ അവസരം | ഐസിടി സാധ്യത ഉപയോഗിച്ച് ഇംഗ്ലീഷ് പദ്യങ്ങൾ, വാക്കുകൾ, വാചകങ്ങൾ സ്റ്റോറീസ് എന്നിവ കാണിച്ചുകൊടുക്കുന്നു. വായിക്കുന്നതിന് അവസരം നൽകുന്നു. ദിവസവും 10വാക്കുകൾ വായിച്ച് എഴുതി വരാൻ ആവശ്യപ്പെടുന്നു. | അക്കാദമികവർഷം മുഴുവൻ |
| 2 | പദചേർച്ച | ദിവസവും 10 വാക്കുകൾ വായിച്ച് എഴുതി വരാൻ ആവശ്യപ്പെടുന്നു. അക്ഷരങ്ങൾ ചേർത്ത് പദങ്ങളും പദങ്ങൾ ചേർത്ത് വാക്യങ്ങളും ഉണ്ടാക്കുന്നു. വായിക്കാൻ അവസരം നൽകുന്നു. | 6 മാസം |
| 3 | വായിക്കാം, വളരാം | ചെറിയ ചിത്രകഥകൾ ഏഴാംക്ലാസ്സിലെ യൂണിറ്റ് 2ലെ കഥകൾ ചെറിയ ബുക്സ് വായിക്കാൻ നൽകുന്നു. ആശയങ്ങൾ ചെറിയ വാചകങ്ങളിൽ പറയാൻ ആവശ്യപ്പെടുന്നു.വായനകാർഡുകൾ നൽകുന്നു, വായിക്കുന്നു. | 6 മാസം |
| 4 | കേൾക്കാം, പറയാം | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സിന് അവസരം നൽകുന്നു. ഒരു പിരിയഡ് അധ്യാപകരും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ സംസാരിക്കുന്നു. എച്ചമിന്റെ പാർട്ടിസിപ്പേഷൻ | അക്കാദമിക് വർഷം മുഴുവൻ |

അധ്യാപിക വേണ്ടതായ ഇടപെടലുകൾ നടത്തുന്നു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും റീഡിംഗ് കാർഡ്സ്, ചാർട്ട് ബുക്സ്, ലൈബ്രറി എന്നിവയുടെ ഉപയോഗത്തിനും അവസരം ഒരുക്കുന്നു.

## യു.പി. & എച്ച്.എസ് വിഭാഗം

### ഹിന്ദി ഭാഷാപഠനം

വിഷയം: ഹിന്ദി

1, അവസ്ഥാവിശകലനം/ അക്ഷരം ഉറയ്ക്കാത്ത അവസ്ഥ

2, ഭാഷാപ്രയോഗശേഷികുറവ്

3, അക്ഷരതെറ്റുകളോടുകൂടിയ ലേഖനം

പ്രവർത്തനപരിപാടിയുടെ പേര്: സുരീലി ഹിന്ദി

പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ:-

1, അക്ഷരങ്ങൾ ഉറയ്ക്കുന്നു.

2, ഭാഷാ ലിഖിതമായും വാചികമായും അനായാസം വിവിധവ്യവഹാരരൂപങ്ങളിൽ പ്രയോഗിക്കാനുള്ള ശേഷി നേടുന്നു.

3, പുതിയ സന്ദർഭങ്ങളിൽ ഭാഷാസർഗാത്മകമായി ഉപയോഗിക്കാനുള്ള കഴിവ് നേടുന്നു.

4) കുട്ടികൾക്ക് ഹിന്ദിയിലുള്ള ചെറിയ പദ്യങ്ങൾ സംഭാഷണങ്ങൾ തുടങ്ങിയവകേട്ട് മനസ്സിലാക്കാൻ സാധിക്കുന്നു.

5, ചെറിയ വാക്കുകൾ, വാചകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നു.

6, ചെറിയ പ്രഭാഷണങ്ങൾ നടത്താൻ കഴിവു നേടുന്നു.

7, കുട്ടികളുടെ ഭാഷാപ്രയോഗനിലവാരം ഉയരുന്നു.

8, സമൂഹത്തിനുമുന്നിൽ പേടിയില്ലാതെ നില്ക്കാൻ കഴിയുന്നു.

പ്രവർത്തനം

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ |
| --- | --- | --- |
| 1 | ഹിന്ദികവിതകൾ, ചെറിയസംഭാഷണങ്ങൾ, സ്പീച്ചുകൾ കേൾപ്പിക്കൽ | ഐസിടി സാധ്യത ഉപയോഗിച്ച് ഏകദേശം രണ്ടോ, മൂന്നോ മാസമെടുത്ത് ഈ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. |
| 2 | കുട്ടികളുടെ രാഷ്ട്രഭാഷ നിലവാരം ഉയർത്തൽ | ശരാശരിയിൽ താഴെയുള്ള കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകാൻ വേണ്ട പ്രവർത്തനങ്ങളുടെ ആസൂതണം. ചിത്രകാർഡുകൾ, പദകാർഡുകൾ, അക്ഷരകാർഡുകൾ എന്നിവ ഉപയോഗിച്ച് അക്ഷരം ഉറപ്പിക്കൽ. അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കാനും പദങ്ങൾ ചേർത്ത് വാചകങ്ങൾ നിർമ്മിക്കാനുമുള്ള ഐസിടി ഉപയോഗിച്ച് ആകർഷകമായ ചിത്രപ്രദർശനം നടത്തിയുള്ള പഠനമാർഗ്ഗം. ഭാഷാക്ലബ്ബിന്റെ നേതൃത്വത്തിൽ മേൽപറഞ്ഞ പ്രവർത്തനങ്ങളുടെ ആസൂത്രണം ചിത്രകഥ സൂചനകാണിച്ചുകൊടുത്തുകൊണ്ട് കഥാകഥനം, സംഭാഷണം പറയൽ. |
| 3 | കുട്ടികളുടെ സർഗ്ഗശേഷി വികസനം | കുട്ടികളുടെ സർഗ്ഗാത്മകഴിവുകൾ വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളിലൂടെ ഹിന്ദി രചനകൾക്ക് അവസരം നല്കൽ സ്കൂൾ അസംബ്ലിയിൽ ആഴ്ചയിൽ ഒരു ദിവസം ഹിന്ദിയിൽ പ്രാർത്ഥന, പ്രതിജ്ഞ, പ്രധാനവാർത്തകൾ, ചിന്താവിഷയം, പ്രസംഗം എന്നിവ അവതരിപ്പിക്കൽ. |

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ |
|---|---|---|
| 4 | വായനയെ പ്രോത്സാഹിപ്പിക്കൽ | ചെറിയ ഹിന്ദി കഥാപുസ്തകങ്ങൾ, ചിത്രകഥകൾ എന്നിവ ശേഖരിച്ച് ക്ലാസ്സ് ലൈബ്രറിയിൽ വായിപ്പിച്ച് വായനകുറിപ്പ് തയ്യാറാക്കൽ |
| 5 | സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | ഹിന്ദിയിലെ പ്രമുഖ സാഹിത്യകാരന്മാരുടെ ചിത്രപ്രദർശനം. ഹിന്ദി വാരാചരണം തുടർന്ന് പ്രമുഖ പുസ്തകങ്ങളുടെ ആസ്വാദനകുറിപ്പ് തയ്യാറാക്കൽ |
| 6 | ഭാഷാപ്രയോഗ ശേഷി കൈവരിക്കൽ | നല്ലരീതിയിൽ ഭാഷപ്രയോഗിക്കാനുള്ള ശേഷി കൈവരിക്കാൻ നിലവാരമുള്ള പുസ്തകങ്ങളുടെ വായനയെ പ്രോത്സാഹിപ്പിക്കൽ, ഭാഷാപ്രയോഗങ്ങൾ, ശൈലികൾ എന്നിവ പരിചയപ്പെടുത്തൽ , പാഠഭാഗങ്ങളുടെ നാടകാവതരണം. |
| 7 | പുതിയ വാക്കുകൾ പഠിക്കൽ | വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് ഫലങ്ങൾ, മൃഗങ്ങളുടെ പേര് തുടങ്ങിയവ ഹിന്ദിയിൽ എഴുതി പ്രദർശിപ്പിക്കൽ. ഒരു ദിവസം ഒരു വാക്ക് ഉപയോഗിച്ച് വാചകം തയ്യാറാക്കൽ ഹിന്ദി ഭാഷയിൽ പോസ്റ്ററുകൾ തയ്യാറാക്കൽ. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് തയ്യാറാക്കൽ |
| 8 | അക്ഷരം ഉറപ്പിക്കൽ | അക്ഷരം ഉറപ്പിക്കാനായി അക്ഷരകാർഡുകൾ കാണിക്കുന്നു. ചിത്രം പ്രദർശിപ്പിച്ച് വാക്യങ്ങൾ എഴുതൽ. |

പ്രൊജക്ട് മലയാളം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ( മലയാളത്തിളക്കം)
മികച്ച വായനക്കാർ( വായനക്കൂട്ടം )
മികച്ച എഴുത്തുകാർ (എഴുത്തുകൂട്ടം)

<u>ലക്ഷ്യങ്ങൾ</u>

എല്ലാവർക്കും എഴുത്തും വായനയും

വായനക്കൂട്ടം എഴുത്തുകൂട്ടം

അമ്മ വായന

ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി

വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ

ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക

വായനയും എഴുത്തും വികസനത്തിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

ദിനാചരണങ്ങളെ വായനയുമായി ബന്ധിപ്പിക്കുക

പതിപ്പുകളും മാസികകളും പ്രസിദ്ധീകരിക്കുക
സാഹിത്യകാരന്മാരുമായുള്ള സംവാദം,അഭിമുഖം എന്നിവ സംഘടിപ്പിക്കൽ

ഭാഷയുമായി ബന്ധപ്പെട്ട ഐസിടി ,സിഡി എന്നിവ സജ്ജമാക്കൽ

<u>പ്രവർത്തനങ്ങൾ</u>

<u>മലയാളത്തിളക്കം( pre test)</u>
<u>അക്ഷരം ഉറപ്പിക്കൽ</u>

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കൽ അടയാളങ്ങൾ (ചിഹ്നനം )ഉറപ്പിക്കൽ

അക്ഷര കാർഡ്,വാക്കുകൾ എഴുതിയ കാർഡുകൾ രൂപീകരിക്കൽ

ചിത്രം അടിക്കുറിപ്പ് (ചിത്രം നൽകി അടിക്കുറിപ്പ് പറയുക )

കഥാ പുസ്തകങ്ങൾ നൽകി വായനക്കുറിപ്പ് രചന
സിഡി പ്രദർശനം (ചിത്രങ്ങൾ അടങ്ങിയ സിഡി )

<u>വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം</u>

വായന,എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം

പാഠഭാഗവുമായി ബന്ധപ്പെട്ടവ,സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താൻ അവസരം
വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ എഴുത്തുകാരെ ക്ഷണിക്കൽ

<u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ( ബഷീർ ദിനം )

സാഹിത്യകാരന്മാരുടെ അഭിമുഖം സംവാദം സാഹിത്യ വാസന മെച്ചപ്പെടുത്തൽ
കൃതികളെ ആഴത്തിൽ അറിയൽ,
പുസ്തക രചനാ തന്ത്രങ്ങൾ അറിയൽ കഥാകവിത രൂപീകരണങ്ങൾ അറിയൽ

<u>വൈലോപ്പിള്ളി മുല്ലനേഴി ദിനാചരണങ്ങൾ</u>

സ്കൂളിലെ മുൻകാല പ്രധാന അധ്യാപകനായിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോൻ,പൂർവ്വ വിദ്യാർത്ഥിയായിരുന്ന മുല്ലനേഴി എന്നിവരുടെ ജന്മ ചരമ ദിനങ്ങൾ വിപുലമായ രീതിയിൽ ആചരിക്കൽ സാഹിത്യരംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളെ ക്ഷണിച്ചുകൊണ്ടുവന്ന് സെമിനാർ കവിതാ രചനാ മത്സരം,കവിതാലാപന മത്സരം എന്നിവ സംഘടിപ്പിക്കൽ

<u>ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന</u>

ക്ലാസ് മുറിയിൽ ആനുകാലികങ്ങളുടെ ലഭ്യത,
വായനയെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം

<u>വായന സാമഗ്രികൾ ശേഖരിക്കൽ</u>

കുട്ടികൾക്കായുള്ള വായനാ സാമഗ്രികൾ ശേഖരിക്കൽ, ശില്പശാല സംഘടിപ്പിക്കൽ രചനകൾ വൈറൽ ബൈൻഡിങ് ചെയ്തു സൂക്ഷിച്ചു വയ്ക്കൽ.

<u>ഇ വായന</u>

വിക്കിപീഡിയ പരിചയപ്പെടുത്തൽ ഇന്റർനെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണ്യ ബ്ലോക്ക് രൂപീകരണം ഇ പേപ്പറുകൾ തയ്യാറാക്കൽ

<u>കാവ്യക്കൂട്ടം</u>
കുട്ടികൾ അധ്യാപകർ രക്ഷിതാക്കൾ എന്നിവരുടെ കവിതകൾ ശേഖരിച്ച് അവതരിപ്പിക്കുക( ബി ആർ സി സഹകരണം)

<u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>
പ്രത്യേക പ്രവർത്തന പാക്കേജ്
ഐ ഇ ഡി അധ്യാപകരുടെ സേവനം

<u>ക്ലാസ് വായനക്കൂട്ടം</u>

അഞ്ചു പേരുള്ള ഗ്രൂപ്പ് ആക്കി ചർച്ചചെയ്ത് വായനാക്കുറിപ്പ് തയ്യാറാക്കൽ അസംബ്ലി ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനുള്ള അവസരം തയ്യാറാക്കി കൊടുക്കൽ

<u>ക്ലാസ് ലൈബ്രറി സ്കൂൾ</u>

ലൈബ്രറി എന്നിവയുടെ നവീകരണം
പുസ്തകവിതരണരജിസ്റ്റർ,പുസ്തക ശേഖരങ്ങൾ വായനോത്സവം യോഗങ്ങൾ സംഘടിപ്പിക്കൽ

പുസ്തകാനുഭവം പങ്കിടൽ ആസ്വാദനക്കുറിപ്പ് പരിചയപ്പെടുത്തൽ

<u>പത്രവായന</u>

പത്രങ്ങൾ ലഭ്യമാക്കൽ പത്ര ക്ലാസ്സ് വാർത്ത തയ്യാറാക്കൽ പുതിയ അറിവുകൾ കണ്ടെത്തൽ ക്വിസ് എന്നിവയുടെ സംഘാടനം

<u>അമ്മ വായന</u>

അമ്മമാർക്ക് പുസ്തകം നൽകി വായനാക്കുറിപ്പ് ശേഖരിച്ച പ്രസിദ്ധീകരിക്കൽ

<u>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ</u>

മലയാളത്തിലെ വിവിധ സാഹിത്യ ശാഖകളിലെ പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ മലയാള മാഗസിനുകൾ ചുമർചിത്രങ്ങൾ പതിപ്പുകൾ ഇടങ്ങിയവ തയ്യാറാക്കൽ

<u>ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ</u>

യു ആർ സി തലത്തിൽ നിന്നുള്ള അധ്യാപകരെ ഉപയോഗിച്ച് ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക അക്ഷര കാർഡുകൾ ചിത്ര കാർഡുകൾ എന്നിവ തയ്യാറാക്കുന്നു

<u>ചിത്ര ഗ്യാലറി നിർമ്മാണം</u>

സാഹിത്യകാരന്മാരുടെയും പ്രധാനപ്പെട്ട പുസ്തകങ്ങളുടെയും ചിത്രങ്ങൾ ശേഖരിക്കൽ പ്രധാന മഹത്വചനങ്ങൾ എഴുതി സൂക്ഷിക്കൽ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കൽ ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ

<u>പദ്ധതി വിശദാംശങ്ങൾ</u>

മേഖല :അക്കാദമികം
ഉപമേഖല :ഭാഷാ പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
| --- | --- |
| 1 ഹൈസ്കൂൾ ക്ലാസുകളിൽ എത്തുന്ന കുട്ടികളിൽ മലയാളഭാഷ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി നേടുക | ഹൈസ്കൂൾ ക്ലാസുകളിലെ മാതൃഭാഷയിൽശരാശരിയിൽ താഴെ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, അധിക പഠന സമയമെടുത്ത് നൂതനസാങ്കേതികവിദ്യയുടെ സഹായത്തോടെ (ഐ സി ടി) പ്രത്യേക പരിശീലനം നൽകാൻ വേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം. |

| | |
|---|---|
| | പ്രത്യേക മോഡ്യൂൾ പ്രകാരം ക്ലാസുകൾ സംഘടിപ്പിക്കുന്നു |
| ഭാഷ പഠനത്തോട് ആഭിമുഖ്യം വളർത്തുക | 2 ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഷോർട്ട് ഫിലിമുകളിലൂടെയും കഥകളിലൂടെയും പ്രത്യേക മോഡ്യൂൾ പ്രകാരം പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കൽ<br>ചാർട്ട് നിർമ്മാണം<br>പഠന കാർഡുകൾ നിർമ്മിക്കൽ<br>അക്ഷരപ്പൂക്കൾ നിർമ്മിക്കൽ |
| 3 സ്വതന്ത്ര രചന നടത്താനുള്ള ശേഷിയിലേക്ക് കുട്ടികളെ നയിക്കൽ | ദൃശ്യമാധ്യമങ്ങളിലൂടെ വിഖ്യാതങ്ങളായ ചലച്ചിത്രങ്ങളുടെയും ഡോക്യുമെന്ററികളുടെയും ഹ്രസ്വ ചിത്രങ്ങളുടെയും ക്ലിപ്പിംഗ് സുകൾ കാണിച്ചു കൊടുത്ത് സ്വതന്ത്ര രചനയ്ക്ക് അവസരം നൽകുന്നു |
| 4 കുട്ടികളുടെ സർഗ്ഗശേഷി വികസനം വായനയോട് അഭിരുചി വളർത്തൽ | പുസ്തക പ്രദർശനം നടത്തൽ അസംബ്ലിയിൽ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ |
| 5 വിഖ്യാതരായ സർഗ്ഗപ്രതിഭകളെയും അവരുടെ കൃതികളെയും പരിചയപ്പെടൽ | പുസ്തക പ്രദർശനം നടത്തുന്ന അസംബ്ലിയിൽ പുസ്തക പരിചയം ഉൾപ്പെടുത്തുന്നു<br>സാഹിത്യസമാജം ദിനാചരണങ്ങൾ എന്നിവ സജീവമാക്കുന്നു ലൈബ്രറി നോട്ട് തയ്യാറാക്കൽ ദിനാചരണങ്ങൾ |
| 6 വിദ്യാരംഗം, വായന ക്ലബ്ബ് ഇടങ്ങിയ പ്രവർത്തനങ്ങളിലൂടെ സർഗ്ഗ ശേഷിയും ഭാഷാപ്രാവീണ്യവും സ്വായത്തമാക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി, സാഹിത്യ സമാജം എന്നിവയിൽ വ്യത്യസ്തങ്ങളായ പരിപാടികൾ സംഘടിപ്പിക്കൽ( ഉദാ: ക്വിസ് അവതരണം അഭിമുഖം )<br>ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്ന കഥ കവിത ഇടങ്ങിയവ സാഹിത്യ സമാജങ്ങളിൽ അവതരിപ്പിക്കൽ<br>സ്വന്തം കൃതികൾ അവതരിപ്പിക്കുന്ന കയ്യെഴുത്തു മാസികകൾ ചുമർപത്രികകൾ എന്നിവയുടെ നിർമ്മാണം<br>അടിക്കുറിപ്പ് മുദ്രാവാക്യം എന്നിവയുടെ മത്സരം<br>ലൈബ്രറിയുടെ സജീവമായ ഉപയോഗം |
| 7 നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള രചനകളെ പ്രോത്സാഹിപ്പിക്കൽ | ഇ വായന ബ്ലോഗുകൾ എന്നിവ പരിചയപ്പെടൽ |
| 8 മലയാള സാഹിത്യത്തോടും സാഹിത്യകാരന്മാരോടും അഭിരുചി വളർത്തുക | സർഗ്ഗധനരായ എഴുത്തുകാരെ കൊണ്ടുവന്ന് ക്ലാസുകൾ സംഘടിപ്പിക്കൽ<br>വൈലോപ്പിള്ളി മുല്ലനേഴി എന്നിവരുടെ സ്മരണാർത്ഥം കവിതാരചന ആലാപന മത്സരങ്ങൾ സംഘടിപ്പിക്കൽ കവിത പഠനശിബിരം നടത്തുക, |

| | |
|---|---|
| | പ്രത്യേക പതിപ്പ് നിർമ്മാണം<br>സോവനീർ,സിനിമ പ്രദർശനം എന്നിവ<br>സംഘടിപ്പിക്കൽ |
| 9 കേരളത്തിലെ സാംസ്കാരികമായി പ്രാധാന്യമുള്ള സ്ഥലങ്ങളോടും സ്ഥാപനങ്ങളോടും ആദരവും താല്പര്യവും വളർത്തൽ | കലാസാഹിത്യം മത്സരങ്ങൾ സംഘടിപ്പിക്കൽ<br>പ്രത്യേക സർട്ടിഫിക്കറ്റും ട്രോഫിയും നൽകൽ |
| 10 കേരളത്തിലെ തനതു പാരമ്പര്യത്തോടും സംസ്കാരത്തോടും അഭിഭാവം വളർത്തുക | കേരള കലാമണ്ഡലം സാഹിത്യ അക്കാദമി മ്യൂസിയം തുടങ്ങിയ സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നകർക്കിടക മാസത്തിൽ നാട്ടുപൂക്കളുടെയും നാടൻ സസ്യങ്ങളുടെയും ഔഷധസസ്യങ്ങളുടെയും പ്രദർശനം സംഘടിപ്പിക്കൽ ( പൂപ്പാലിക )<br>നാടൻ പാട്ടുകളുടെ അവതരണം<br>നാടൻ കലകളെ കുറിച്ചുള്ള പതിപ്പുകൾ നിർമ്മിക്കുന്നു |
| വായനയെ പ്രോത്സാഹിപ്പിക്കുക | ക്ലാസ്സിൽ വായന മൂല ക്ലാസ് ലൈബ്രറി എന്നിവയുടെ സജ്ജീകരണം. വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പുകളുടെ തയ്യാറാക്കൽ, സ്കൾ പത്രം തയാറാക്കൽ |

## ഉപമേഖന ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർധിപ്പിക്കുന്നതിന് | ഓരോ കുട്ടിക്കും മെട്രോലാബ് ക്രമീകരിക്കുന്നു. | 4 മാസം | ശാസ്ത്ര അധ്യാപിക | |
| നിത്യ ജീവിതത്തിൽ ശാസ്ത്രത്തെ കണ്ടെത്തുന്നതിന് | ശാസ്ത്രവുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പുകൾ ക്രമീകരിക്കുന്നു. | 3 മാസം | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്രവിഷയങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് | ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ മൂന്ന് വിഷയങ്ങൾക്ക് പ്രത്യേക ലാബുകളുടെ നിർമ്മാണം. | 3 വർഷം | HM | |
| ശാസ്ത്രവിഷയങ്ങളോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിന് | ക്ലാസ്സുകളിലും ലാബുകളിലും കംപ്യൂട്ടർ, പ്രോജക്ടർ മുതലായവയുടെ സജ്ജീകരണം. | 1 വർഷം | | |
| ശാസ്ത്രത്തിലുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന് | ലാബിലും ഇന്റർനെറ്റ് കണക്ഷനുള്ള സജ്ജീകരണം | 1 വർഷം | | |
| ജീവശാസ്ത്രത്തോടുള്ള സമീപനം വർദ്ധിപ്പിക്കുന്നതിന് | വിവിധ ശരീര അവയവങ്ങളുടെ മാതൃകകൾ | | | |

| | | | | |
|---|---|---|---|---|
| | സ്പെസിമെന്റുകൾ, ചാർട്ടുകൾ ഉപയോഗിച്ച് ലാബിലെ സജ്ജീകരണം | | | |
| ജീവശാസ്ത്രത്തിലെ അഭിരുചി വർദ്ധിപ്പിക്കുന്നതിന്. | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നൽകുന്നു. | | | |
| ശാസ്ത്രഅഭിരുചി വളർത്തുന്നതിന് | ശാസ്ത്രമാസികകളുടെ വിതരണം | 2 മാസം | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്രവിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിന് | ശരാശരിയിൽതാഴെ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | | ശാസ്ത്ര അധ്യാപിക | |
| ാസ്ത്ര ആഭിമുഖ്യം ളർത്തുന്നതിന് | അസംബ്ലിയിൽ ശാസ്ത്രവാർത്തകൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ പരിചയപ്പെടുത്തുന്നു | 1 മാസം | ശാസ്ത്ര അധ്യാപിക | |
| ാസ്ത്രത്തോടുള്ള വബോധം ർത്തുന്നതിന് | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നല്ല രീതിയിൽ സ്ക്കൂളിൽ ആചരിക്കുന്നു. | | ശാസ്ത്ര അധ്യാപിക | |
| സ്ത്രപരീക്ഷണങ്ങൾ വുറ്റ രീതിയിൽ ത്തുന്നതിന് | സയൻസ് ലാബിൽ ആവശ്യമായ വാട്ടർ കണക്ഷൻ ഏർപ്പെടുത്തണം | | ശാസ്ത്ര അധ്യാപിക. HM | |
| സ്ത്രത്തിൽ ഗാഹമായ അറിവ് ുന്നതിന് | ഓരോ മാസവും ശാസ്ത്ര ക്വിസ് നടത്തുന്നു. | 2 മാസം | ശാസ്ത്ര അധ്യാപിക. | |

| | | | | |
|---|---|---|---|---|
| | സ്പെസിമെന്റുകൾ, ചാർട്ടുകൾ ഉപയോഗിച്ച് ലാബിലെ സജ്ജീകരണം | | | |
| ജീവശാസ്ത്രത്തിലെ അഭിരുചി വർദ്ധിപ്പിക്കുന്നതിന്. | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നൽകുന്നു. | | | |
| ശാസ്ത്രഅഭിരുചി വളർത്തുന്നതിന് | ശാസ്ത്രമാസികകളുടെ വിതരണം | 2 മാസം | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്രവിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിന് | ശരാശരിയിൽതാഴെ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന് | അസംബ്ലിയിൽ ശാസ്ത്രവാർത്തകൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ പരിചയപ്പെടുത്തുന്നു | 1 മാസം | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്രത്തോടുള്ള അവബോധം വളർത്തുന്നതിന് | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നല്ല രീതിയിൽ സ്കൂളിൽ ആചരിക്കുന്നു | | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്രപരീക്ഷണങ്ങൾ മികവുറ്റ രീതിയിൽ നടത്തുന്നതിന് | സയൻസ് ലാബിൽ ആവശ്യമായ വാട്ടർ കണക്ഷൻ ഏർപ്പെടുത്തണം | | ശാസ്ത്ര അധ്യാപിക. HM | |
| ശാസ്ത്രത്തിൽ അവഗാഹമായ അറിവ് നേടുന്നതിന് | ഓരോ മാസവും ശാസ്ത്ര ക്വിസ് നടത്തുന്നു | 2 മാസം | ശാസ്ത്ര അധ്യാപിക. | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രമനോഭാവം വളർത്തുന്നതിന് | ഓരോ മാസവും ശാസ്ത്ര പത്രം പ്രസിദ്ധീകരിക്കുന്നു. | | ശാസ്ത്ര അധ്യാപിക. | |
| ശാസ്ത്രപരീക്ഷണങ്ങളോടുള്ള അഭിരുചി വളർത്തുന്നതിന് | ക്ലാസ്സ് മുറിയിൽ തന്നെ ചെറിയ ലാബ് സജ്ജീകരിക്കുന്നു. | | ശാസ്ത്ര അധ്യാപിക. HM | |
| രസതന്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | രസതന്ത്ര ഉപകരണങ്ങൾ, ചാർട്ടുകൾ, വിവിധ രാസവസ്തുക്കൾ എന്നിവ ഉപയോഗിച്ച് ലാബിനെ സജ്ജീകരിക്കുന്നു. | | ശാസ്ത്ര അധ്യാപിക. HM | |
| രസതന്ത്ര പരീക്ഷണങ്ങളോടുള്ള സമീപനം വർദ്ധിപ്പിക്കുന്നതിന് | വിവിധ രസതന്ത്രപരീക്ഷണങ്ങൾ ചെയ്യുന്നു. | | ശാസ്ത്ര അധ്യാപിക. | |
| ഊർജ്ജതന്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | ഊർജ്ജതന്ത്രോപകരണങ്ങൾ ചാർട്ടുകൾ എന്നിവ ഉപയോഗത്തിന് ലാബ് സജ്ജീകരിക്കുന്നു. | | ശാസ്ത്ര അധ്യാപിക. | |
| ഊർജ്ജതന്ത്രത്തോട് താല്പര്യം ജനിപ്പിക്കുന്നതിന് | ഊർജ്ജതന്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുന്നു | | ശാസ്ത്ര അധ്യാപിക. | |
| ശാസ്ത്രവിഷയങ്ങളിൽതാല്പര്യം വർദ്ധിപ്പിക്കുന്നതിന് | സയൻസ് ക്ലബിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രമനോഭാവം വളർത്തുന്നതിന് | ഓരോ മാസവും ശാസ്ത്ര പത്രം പ്രസിദ്ധീകരിക്കുന്നു. | | | ശാസ്ത്ര അധ്യാപിക. | |
| ശാസ്ത്രപരീക്ഷണങ്ങളോടുള്ള അഭിരുചി വളർത്തുന്നതിന് | ക്ലാസ്സ് മുറിയിൽ തന്നെ ചെറിയ ലാബ് സജ്ജീകരിക്കുന്നു. | | | ശാസ്ത്ര അധ്യാപിക.<br>HM | |
| രസതന്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | രസതന്ത്ര ഉപകരണങ്ങൾ, ചാർട്ടുകൾ, വിവിധ രാസവസ്തുക്കൾ എന്നിവ ഉപയോഗിച്ച് ലാബിനെ സജ്ജീകരിക്കുന്നു. | | | ശാസ്ത്ര അധ്യാപിക.<br>HM | |
| രസതന്ത്ര പരീക്ഷണങ്ങളോടുള്ള സമീപനം വർദ്ധിപ്പിക്കുന്നതിന് | വിവിധ രസതന്ത്രപരീക്ഷണങ്ങൾ ചെയ്യുന്നു. | | | ശാസ്ത്ര അധ്യാപിക. | |
| ഊർജ്ജതന്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | ഊർജ്ജതന്ത്രോപകരണങ്ങൾ ചാർട്ടുകൾ എന്നിവ ഉപയോഗത്തിന് ലാബ് സജ്ജീകരിക്കുന്നു. | | | ശാസ്ത്ര അധ്യാപിക. | |
| ഊർജ്ജതന്ത്രത്തോട് താല്പര്യം ജനിപ്പിക്കുന്നതിന് | ഊർജ്ജതന്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുന്നു | | | ശാസ്ത്ര അധ്യാപിക. | |
| ശാസ്ത്രവിഷയങ്ങളിൽതാല്പര്യം വർദ്ധിപ്പിക്കുന്നതിന്. | സയൻസ് ക്ലബിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നു. | | | ശാസ്ത്ര അധ്യാപിക. | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രമനോഭാവം വളർത്തുന്നതിന് | ഓരോ മാസവും ശാസ്ത്ര പത്രം പ്രസിദ്ധീകരിക്കുന്നു. | | ശാസ്ത്ര അധ്യാപിക. | |
| ശാസ്ത്രപരീക്ഷണങ്ങ ളോടുള്ള അഭിരുചി വളർത്തുന്നതിന് | ക്ലാസ്സ് മുറിയിൽ തന്നെ ചെറിയ ലാബ് സജ്ജീകരിക്കുന്നു | | ശാസ്ത്ര അധ്യാപിക. HM | |
| രസതന്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | രസതന്ത്ര ഉപകരണങ്ങൾ, ചാർട്ടുകൾ, വിവിധ രാസവസ്തുക്കൾ എന്നിവ ഉപയോഗിച്ച് ലാബിനെ സജ്ജീകരിക്കുന്നു | | ശാസ്ത്ര അധ്യാപിക. HM | |
| രസതന്ത്ര പരീക്ഷണങ്ങളോടുള്ള സമീപനം വർദ്ധിപ്പിക്കുന്നതിന് | വിവിധ രസതന്ത്രപരീക്ഷണങ്ങ ൾ ചെയ്യുന്നു | | ശാസ്ത്ര അധ്യാപിക. | |
| ഊർജതന്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് | ഊർജതന്ത്രോപകര ണങ്ങൾ ചാർട്ടുകൾ എന്നിവ ഉപയോഗത്തിന് ലാബ് സജ്ജീകരിക്കുന്നു | | ശാസ്ത്ര അധ്യാപിക. | |
| ഊർജതന്ത്രത്തോട് താല്പര്യം ജനിപ്പിക്കുന്നതിന് | ഊർജതന്ത്രവുമായി ബന്ധപ്പെട്ട പരീക്ഷ ണങ്ങൾ ചെയ്യുന്നു | | ശാസ്ത്ര അധ്യാപിക. | |
| ശാസ്ത്രവിഷയങ്ങളിൽതാ ലിപര്യം വർദ്ധിപ്പിക്കുന്നതിന് | സയൻസ് ക്ലബിന്റെ പ്രവർത്തനം ഊർജിതമാക്കുന്നു | | ശാസ്ത്ര അധ്യാപിക | |

ഉപമേഖല ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ<br>വിശക |
|---|---|---|---|---|
| ഗണിതത്തിലെ പ്രാഥമിക പാഠങ്ങൾ നേടി എന്ന് ഉറപ്പ് വരുത്തൽ | ടെസ്റ്റ് പേപ്പർ നടത്തി പഠനത്തിൽ പിന്നോക്കമുള്ളവരെ കണ്ടെത്തി അധിക പരിശീലനം ചതുഷ്ക്രിയകൾ ജ്യാമിതിയുടെ ലഘുവായ തത്വങ്ങൾ മനസ്സിനാക്കാൻ | 2 മാസം | ഗണിതാ ധ്യാപിക | |
| 2. ഗണിത പഠനം ബുദ്ധിമുട്ടായവരെ കൂടുതൽ പരിഗണിക്കൽ | ബുദ്ധിമുട്ടുള്ളവരെ ഭാഗങ്ങൾ ലളിതമായ വർക്ക് ഷീറ്റുകൾ നൽകി അവതരിപ്പിക്കൽ | 1 ആഴ്ച | ഗണിതാ ധ്യാപിക | |
| 3. ഗണിതത്തോടുള്ള താൽപര്യം വളർത്താൻ | ഗണിത ക്ലബ് രൂപീകരണം<br>അസംബ്ലിയിൽ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, പസിൽ അവതരിപ്പിക്കൽ<br>ഗണിതമൂല തയ്യാറാക്കൽ<br>ഗണിത മാസിക തയ്യാറാക്കൽ | വർഷാരംഭത്തിൽ<br>1 ആഴ്ച<br>1 ആഴ്ച<br>1 വർഷം | ഗണിതാ ധ്യാപിക<br>ഗണിതക്ലബ് അംഗങ്ങൾ<br>SSA Fund | |

| | | | | |
|---|---|---|---|---|
| | ഗണിതത്തിലെ മനോഹരമായ ആശയങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കൽ | 3 മാസം 1 തവണ | ഗണിതാധ്യാപിക | |
| | ഗണിതരൂപങ്ങൾ, പഠനാശയങ്ങൾ വിശദീകരിക്കുന്നവ തയ്യാറാക്കൽ | 1 വർഷം | ഗണിതാധ്യാപിക | |
| | ഗണിത ലൈബ്രറി തയ്യാറാക്കൽ, പുസ്തക വിതരണം | 1 മാസം | | |
| | പുസ്തകവിതരണം ഗണിതആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ | 3 മാസം | ഗണിതാധ്യാപിക | |
| | ഗണിതലാബിലേക്ക് തയ്യാറാക്കൽ | | ഗണിതാധ്യാപിക | |
| | ഗണിതക്വിസ് സംഘടിപ്പിക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഗണിതത്തിൽ ആവശ്യമായ അറിവ് നേടുന്നതിന് സഹായിക്കാൻ | ലളിതമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠിപ്പിക്കുന്നു cut out കൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നു | 1 വർഷം | ഗണിതാധ്യാപിക | |
| ഗണിത പഠനത്തിന്റ് ആസ്വാദനം വളർത്തുന്നതിന് | നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ, ചിത്രങ്ങൾ കളറാ സാധ്യതകളുപയോഗിച്ച് ആശംസാകാർഡുകളുടെ നിർമ്മാണം | 6 മാസം | ഗണിതാധ്യാപകർ | |

## ആരോഗ്യ കായിക വിദ്യാഭ്യാസം.

| | | | | |
|---|---|---|---|---|
| 1.മനസ്സിന് ഏകാഗ്രതയും കായികക്ഷമത വർദ്ധിപ്പിക്കൽ | | | | |
| | കരാട്ടേ, ജൂഡോ എന്നിങ്ങനെ ഏതെങ്കിലും ഇനത്തിന്റ് പരിശീലനം | ആഴ്ചയിൽ 1 ദിവസം | trainer | |
| 2.ആരോഗ്യ സംബന്ധമായ കായികക്ഷമത പരിശോധന നടത്തുക | 1. ആൽബം തയ്യാറാക്കൽ<br>2. ശരീരത്തിന്റെ പോഷണതോത് അളക്കൽ | ഓരോ ടേമിലും | Medical officer | |
| 3.കളികളിൽ താൽപര്യംവർദ്ധിപ്പിക്കാൻ | Football, basket ball, cricket കമ്പനി ഇതിൽ ഏതെങ്കിലും കളികളിൽ പരിശീലനം കൊടുക്കൽ | ആഴ്ചയിൽ ഒരു ദിവസം | Trainer | |
| 4. അത്‌ലറ്റ് ഇനങ്ങളിൽ പങ്കെടുക്കാനുള്ള പരിശീലനം കൊടുക്കൽ | ഓട്ടം, ലോങ്ജമ്പ്, ഡിസ്കസ്ത്രോ തുടങ്ങിയ വിവിധ | ആഴ്ചയിൽ ഒരു ദിവസം | കായിക അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഇനങ്ങളിൽ പരിശീലനം | | | |
| 5. വിവിധ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ബോധവത്കരണം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ശുചിത്വം, വിവിധ ആരോഗ്യ പ്രശ്നങ്ങൾ, ഭക്ഷണ ശീലങ്ങൾ, ലഹരി മരുന്നിന്റെ ദൂഷ്യത, ലൈംഗിക വിദ്യാഭ്യാസം ഇങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ മാസത്തിൽ ഒരിക്കൽ സംഘടിപ്പിക്കുന്നു. | മാസത്തിൽ 1 തവണ | ഹെൽത്ത് ക്ലബ് | പി.ടി.എ |
| 6.ചെസ്സ്, ക്യൂബിക്സ്, ക്യൂബ് ബുദ്ധിവികാസത്തിന് ഉതകുന്ന കളികൾ | ചെസ്സ് തുടങ്ങിയ സുഡോക്കോ കളികൾക്ക് അവസരം | | കായിക അധ്യാപകർ | |
| 7. നാടൻ കളികൾ പരിശീലനം | പഴയ കാലത്തെ കളികൾ പരിശീലനം | | | |

## പ്രവർത്തി പരിചയം

| | | | | |
|---|---|---|---|---|
| 1. പാഴ് വസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് കൗതുക വസ്തുക്കൾ ഉണ്ടാക്കൽ | ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് കൗതുക വസ്തുക്കൾ നിരമ്മിക്കാനുള്ള പരിശീലനം. | മാസത്തിൽ 1 തവണ | Trainer | യു.ആർ.സി. |
| 2. വിവിധ തരം തുന്നൽ പ്പണികൾ | തുന്നൽ പരിശീലനം നൽകൽ | ആഴ്ചയിൽ 1 തവണ | Trainer | |
| 3. കടലാസ് ഉപയോഗിച്ച് പൂക്കൾ, വിവിധ രൂപങ്ങൾ ഉണ്ടാക്കൽ | പൂക്കളും മറ്റ് വസ്തുക്കളും നിർമ്മിച്ച് പ്രദർശിപ്പിക്കൽ | ടേമിൽ 1 തവണ | ക്ലാസ്സ് ടീച്ചർ | പി.ടി.എ |
| 4. മാലമുത്തുകൾ ഉപയോഗിച്ച് വിവിധ വസ്തുക്കളുടെ | മുത്തുകൾ ഉപയോഗിച്ച് വിവിധ വസ്തുക്കൾ നിർമ്മിക്കൽ | വർഷത്തിൽ 1 തവണ | Trainer | |

| | | | | |
|---|---|---|---|---|
| നിർമ്മിതി | പരിശീലനം | | | |
| 5. Waste paper, clay ഇവ ഉപയോഗിച്ച് വിവിധ വസ്തുക്കളുടെ നിർമ്മിതി. | Waste paper, clay ഇവ ഉപയോഗിച്ച് വിവിധ വസ്തുക്കളുടെ നിർമ്മാണത്തിനായി പരിശീലനം | 1 ആഴ്ച | Trainer | പി.ടി.എ |
| 6. Wood carving wood work തുടങ്ങിയ ഇനങ്ങളിൽ പരിശീലനം | Wood carving wood work തുടങ്ങിയവയിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം | 2 ആഴ്ച | Trainer | പി.ടി.എ |
| 7. പ്രവർത്തി പരിചയ മേഖലയിൽ കഴിവുള്ളവർക്ക് പ്രോത്സാഹനം കൊടുക്കൽ | ക്യാമ്പ് സംഘടിപ്പിച്ച് താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം അവർ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം. | 1 വർഷം | | പി.ടി.എ |

## കലാ വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| 1. ചിത്രം വരക്കാൻ കഴിവുള്ളതാക്കൽ | ചിത്രരചനാരംഗത്ത് പരിശീലനം കൊടുക്കൽ | ആഴ്ചയിൽ 2 ദിവസം | Trainer | യു.ആർ.സി. |
| | വരച്ച ചിത്രങ്ങളുടെ പ്രദർശനം<br>വരച്ച ചിത്രങ്ങളടങ്ങിയ പതിപ്പുകൾ തയ്യാറാക്കൽ<br>ചിത്രരചനാ ക്ലാസ്സ് സംഘടിപ്പിക്കൽ | മാസത്തിൽ 1 തവണ<br>ടേംമിൽ 1<br>വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>പി.ടി.എ | |
| 2. സംഗീത പ്രതിഭകളെ | സംഗീതാഭിരുചിയുള്ള കുട്ടികൾക്ക് ക്ലാസ്സിൽ | ആഴ്ചയിൽ ഒരു പിരിഡ് | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| നിർമ്മിതി | പരിശീലനം | | | |
| 5. Waste paper, clay ഇവ ഉപയോഗിച്ച് വിവിധ വസ്തുക്കളുടെ നിർമ്മിതി. | Waste paper, clay ഇവ ഉപയോഗിച്ച് വിവിധ വസ്തുക്കളുടെ നിർമ്മാണത്തിനായി പരിശീലനം | 1 ആഴ്ച | Trainer | പി.ടി.എ |
| 6.Wood carving wood work തുടങ്ങിയ ഇനങ്ങളിൽ പരിശീലനം | Wood carving wood work തുടങ്ങിയവയിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം | 2 ആഴ്ച | Trainer | പി.ടി.എ |
| 7.പ്രവർത്തി പരിചയ മേഖലയിൽ കഴിവുള്ളവർക്ക് പ്രോത്സാഹനം കൊടുക്കൽ | ക്യാമ്പ് സംഘടിപ്പിച്ച് താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം അവർ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം. | 1 വർഷം | | പി.ടി.എ |

## കലാ വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| 1. ചിത്രം വരക്കാൻ കഴിവുള്ളതാക്കൽ | ചിത്രരചനരംഗത്ത് പരിശീലനം കൊടുക്കൽ | ആഴ്ചയിൽ 2 ദിവസം | Trainer | യു.ആർ.സി. |
| | വരച്ച ചിത്രങ്ങളുടെ പ്രദർശനം<br>വരച്ച ചിത്രങ്ങളടങ്ങിയ പതിപ്പുകൾ തയ്യാറാക്കൽ<br>ചിത്രരചനാ ക്ലാസ്സ് സംഘടിപ്പിക്കൽ | മാസത്തിൽ 1 തവണ<br>ടേമിൽ 1<br>വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>പി.ടി.എ | |
| 2. സംഗീത പ്രതിഭകളെ | സംഗീതാഭിരുചിയുള്ള കുട്ടികൾക്ക് ക്ലാസ്സിൽ | ആഴ്ചയിൽ ഒരു പിരിഡ് | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | ക്കൽ | അവസരം നൽകൽ | | | |
| 3. | നൃത്തത്തിൽ താല്പര്യമുള്ളവർക്ക് പരിശീലനം | നൃത്തക്ലാസ്സുകൾ സംഘടിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം | പൂർവ്വ വിദ്യാർത്ഥികളുടെ സംഘടന | പി.ടി.എ |
| 4. | അഭിനയം, തിരക്കഥാ നിർമ്മാണം, നാടക രചന തുടങ്ങിയവയിൽ താല്പര്യം ഉളവാക്കുന്നതിന് | പാഠ്യഭാഗങ്ങളുമായി ബന്ധപ്പെട്ട് നാടകം രചിക്കുക, അഭിനയം<br>അഭിനയം, നാടക രചനതുടങ്ങിയ മേഖലകളിൽ ക്യാമ്പ് സംഘടിപ്പിക്കൽ വിദഗ്ധരുടെ ക്ലാസ്സുകൾ കൊടുക്കൽ | മാസത്തിൽ 1 തവണ<br>വർഷത്തിൽ ഒരു തവണ | ക്ലാസ്സ് അധ്യാപകർ<br>പി.ടി.എ | പി.ടി.എ |

# സാമൂഹികശാസ്ത്രം അക്കാദമിക പ്ലാൻ

| Programme | Activity | Duration | Material | Resource |
|---|---|---|---|---|
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്ലാസിൽ സംഘടിപ്പിക്കുന്നു കുട്ടികളുടെ അറിവ് കണ്ടെത്തുന്നതിന് ടെസ്റ്റ് സംഘടിപ്പിക്കുന്നു ചിത്രങ്ങൾ, വീഡിയോ, എന്നിവ നിരീക്ഷിച്ചു അഭിപ്രായങ്ങൾ അവതരിപ്പിക്കൽ ഗാനങ്ങൾ, ലഘു വിവരണങ്ങൾ എന്നിവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം, വാക്കുകൾ, വാചകങ്ങൾ, ചിത്രരചന മുതലായവയിലൂടെ നേടിയ കാര്യങ്ങളുടെ അവതരണം | രണ്ടുമാസം | മഹാന്മാരുടെ ചിത്രങ്ങൾ വായന സാമഗ്രികൾ ചരിത്ര സംഭവങ്ങൾ ചിത്രങ്ങൾ വീഡിയോ മുതലായവയുടെ പ്രദർശനം മഹാന്മാരുടെ ചിത്രങ്ങൾ വായന സാമഗ്രികൾ ചരിത്ര സംഭവങ്ങൾ ചിത്രങ്ങൾ വീഡിയോ എന്നിവയുടെ പ്രദർശനം ഡിജിറ്റൽ ലൈബ്രറി | BRC<br>DIET<br>SCERT |
| 2. പാഠപുസ്തകങ്ങൾ വായിക്കാനും ഉത്തരങ്ങൾ കണ്ടെത്തുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു | പാഠഭാഗങ്ങൾ ഗ്രൂപ്പ് തലത്തിലും വ്യക്തിഗതമായും വായിച്ച് ആശയങ്ങൾ കണ്ടെത്തൽ, ആശയ സ്വാംശീകരണം പ്രയാസമുള്ള സ്ഥലങ്ങളിൽ അനുബന്ധ പഠന സാമഗ്രികളുടെ ഉപയോഗപ്പെടുത്തൽ പാഠഭാഗങ്ങൾ ഡിജിറ്റലൈസേഷ | | | DIET<br>PTA<br>SRG<br>BRC |

| | | | | |
|---|---|---|---|---|
| 3. കുട്ടികളെ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ | ൻ നടത്തി അവതരിപ്പിക്കൽ<br>വർക്ക് ഷീറ്റുകൾ നൽകി അവയുടെ ഉത്തരങ്ങൾ കണ്ടെത്തൽ ചർച്ച കുറിപ്പുകൾ<br>വായനക്കുറിപ്പുകൾ ലഘു വിവരണങ്ങൾ മുതലായവ എഴുതി അവതരിപ്പിക്കുവാൻ പ്രാപ്തമാക്കൽ<br>ദിനാചരണങ്ങൾ സാമൂഹികമായി ആചരിക്കൽ ആഘോഷിക്കൽ റിപ്പോർട്ട് അവതരിപ്പിക്കൽ<br>ദൃശ്യാവിഷ്കാരങ്ങൾ, നാടകം സ്കിറ്റ് തുടങ്ങിയവ അവതരിപ്പിക്കൽ<br>സ്കൂൾ ലൈബ്രറിയിൽ സാമൂഹ്യശാസ്ത്ര സംബന്ധ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പിക്കൽ അധിക വിവര ശേഖരണത്തിന് ഇവ ഉപയോഗപ്പെടുത്തൽ<br><br>സെമിനാറുകൾ സംഘടിപ്പിക്കൽ, ഉപട വായന, മോഡലുകളുടെ നിർമ്മാണം , ചാർട്ടുകൾ ചിത്രങ്ങൾ മുതലായവയുടെ നിർമ്മാണം പുതിയ ഐസിടി സാധ്യതകളുടെ നിർമാണത്തിന് കുട്ടികളെ സജ്ജമാക്കൽ ചുറ്റുപാടുകളും ആയി പാഠഭാഗത്തെ ബന്ധപ്പെടുത്തുന്നതിന് സർവ്വേ അഭിമുഖം എന്നിവ സംഘടിപ്പിക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| പറ്റുന്ന തരത്തിലുള്ള പഠനബോധനങ്ങൾ നൽകൽ<br><br>4. സാമൂഹ്യശാസ്ത്ര ലാബ് | കാലാവസ്ഥയിലും പരിസ്ഥിതിയിലും വരുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും അവയിൽ മനുഷ്യപ്രവർത്തനങ്ങളുടെ പങ്ക് തിരിച്ചറിയുന്നതിനും ഭൂപട വായന, ഗ്രഹങ്ങളെ കുറിച്ചുള്ള പഠനം, സമൂഹത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ, പരിസ്ഥിതിയുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണ ക്ലാസുകൾ നമ്മുടെ രാജ്യത്തെയും ലോകത്തെ മഹാന്മാരുടെയും സംഭാവനകൾ തിരിച്ചറിയുന്നതിനും അവ നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ മഹാന്മാരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ, റഫറൻസ് ഗ്രന്ഥങ്ങൾ, വീഡിയോ, ചലച്ചിത്രങ്ങൾ എന്നിവ ഉപയോഗപ്പെടുത്തൽ, ഡിജിറ്റൽ ആൽബം, പ്രൊജക്ടുകൾ ചിത്ര ഗ്യാലറികൾ മോഡലുകൾ പതിപ്പുകൾ അറ്റ്ലസുകൾ കയ്യെഴുത്ത് പ്രതികൾ മുതലായവ തയ്യാറാക്കുന്നതിന് | | | | |

## ഉപമേഖല –- വൊക്കേഷണൽ വിഷയ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 11,12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകി അവരെ ഒരു തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കിയെടുക്കൽ | • വിവിധ തൊഴിൽസംബന്ധ വിഷയങ്ങൾക്കാവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• തൊഴിൽ പരിശീലനം നൽക്കുവാനുതക്കുന്ന ആധുനിക രീതിയിലുള്ള ലാബുകൾ സജ്ജമാക്കൽ<br>• ക്ലാസ്റൂമുകൾ സജ്ജമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ - അവതരണം, പി.ടി.എ യോഗം<br>• വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ആവശ്യമായ ട്രെയ്നിംഗ് സെന്ററുകളുടെ കണ്ടെത്തൽ<br>• Production cum Training Centre ന്റെ നിർമ്മാണം<br>• വിവധ തൊഴിൽ കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം<br>• എക്സിബിഷനുകൾ സംഘടിപ്പിക്കൽ | ജൂൺ<br>ജൂൺ<br>ജൂലൈ | അദ്ധ്യാപകർ<br>പ്രിൻസിപ്പാൾ, അദ്ധ്യാപകർ, പി.ടി.എ. | ഫണ്ടുകൾ |

മേഖല -- ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുന്ദരശുചിത്വ വിദ്യാലയം | സുരക്ഷിതവും ശുചിത്വമുള്ളതും ആകർഷകവുമായ കെട്ടിടം | 2017-18 മുതൽ | സർക്കാർ, MP,MLA | MP,MLA ഫണ്ടുകൾ |
| വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള പഠനം | സ്മാർട്ട് ക്ലാസ് റൂമുകളുടെ നിർമ്മാണം-സ്മാർട്ട് ബോർഡ്, മൈക്ക്, എൽ.സി.ഡി. പ്രോജക്റ്റർ, ലാപ്ടോപ്പ് മുതലായവ ഉൾപ്പെട്ട ക്ലാസ് റൂമുകൾ | 2017-18 മുതൽ | സർക്കാർ, MP,MLA | സർക്കാർ,MP,MLA ഫണ്ടുകൾ |
| ലാബുകളുടെ നവീകരണം | ഓരോ വിഷയങ്ങളും പഠിപ്പിക്കനുതകുന്ന ICT ഉപകരണങ്ങൾ ഉൾപ്പെട്ട സ്മാർട്ട് ലാബുകൾ | 2017-18 മുതൽ | MP,MLA | സർക്കാർ,MP, MLA ഫണ്ടുകൾ |
| ടോയ്ലറ്റ് നിർമ്മാണം | ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്ലറ്റ് നിർമ്മാണം | 2017-18 മുതൽ | | സർക്കാർ,MP, MLA ഫണ്ടുകൾ |
| ഓഫീസ്മുറി, സ്റ്റാഫ്മുറി നവീകരണം | ICT ഉപകരണങ്ങളോടു കൂടിയ ഓഫീസ്, സ്റ്റാഫ് റൂം എന്നിവ നിർമ്മിക്കുക | 2017-18 മുതൽ | OSA അദ്ധ്യാപകർ | ർക്കാർ,MP,MLA ഫണ്ടുകൾ |

## മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുവിദ്യാഭ്യാസത്തിലേക്ക് സമൂഹത്തെ ആകർഷിക്കാൻ | പൂന്തോട്ട നിർമ്മാണം | 2018 മുതൽ | അദ്ധ്യാപകർ, വിദ്യാർത്ഥികൾ | 30,000 |
| | സ്കൂൾ -എഫ്.എം. | എല്ലാ ദിവസവും | അദ്ധ്യാപകർ, വിദ്യാർത്ഥികൾ | 10,000 |
| | സ്കൂൾ ലൈബ്രറിയെ സർക്കാർ വായനശാലകളുമായി ഏകോപനം | എല്ലാ ശനിയാഴ്ച കളിലും | ലൈബ്രറി കൺവീനർ | |
| | യോഗ,കരാട്ടെ,കുങ്ഫൂ | എല്ലാ ദിവസവും | പ്രത്യേക പരിശീലകർ | |
| | ഡിജിറ്റൽ വിദ്യാഭ്യാസം | ആഴ്ചയിൽ ഒരിക്കൽ | ഐ.ടി. കോർഡിനേറ്റർ | |

## ഭൗതീക സൗകര്യ വികസന ആസൂത്രണ രേഖ

അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കുറെക്കൂടി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ലാബുകളുടെ നവീകരണം അതിൽ പ്രധാനപ്പെട്ട ഒന്നാണ്. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ലൈബ്രറി വളരെ ആവശ്യഘടകമാണ്. CWSN വിദ്യാർത്ഥികൾക്കായി പ്രത്യേക മുറിയും അതിനോട് ചേർന്ന ടോയ്‌ലറ്റ് സൗകര്യവും ആത്യാവശ്യമാണ്. കൗൺസലിങ്ങിനായി പ്രത്യേക മുറി സജ്ജീകരിക്കേണ്ടതുണ്ട്. പാചകശാലയുംഹാളും ഒരുക്കേണ്ടതാണ്. കുടിവെള്ളവിതരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കായിക പരിശീലനത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആവശ്യമാണ്. ബയോഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിലും മാലിന്യസംസ്കരണം കൂടുതൽ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ കൂടി ഉണ്ടെങ്കിൽ കൂടുതൽ സുന്ദരശുചിത്വ വിദ്യാലയം വിഭാവനം ചെയ്യാൻ സാധിക്കുമെന്നതിൽ സംശയമില്ല.

## മേഖല ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വി... |
|---|---|---|---|---|
| സുന്ദരശുചിത്വ വിദ്യാലയം | സുരക്ഷിതവും ശുചിത്യവുമുള്ളതും ആകർഷകവുമായ കെട്ടിടം | 2017-18 മുതൽ | സർക്കാർ MP, MLA | |
| വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പഠനം | സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം, സ്മാർട്ട് ബോർഡ്, മൈക്ക്, എൽ,സി,ഡി, പ്രോജക്ടർ, ലാപ്ടോപ്പ് മുതലായവ ഉൾപ്പെട്ട ക്ലാസ്സ് റൂമുകൾ | 2017-18 മുതൽ | സർക്കാർ MP, MLA | |

## ഭൗതീക സൗകര്യ വികസന ആസൂത്രണ രേഖ

അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കുറെക്കൂടി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ലാബുകളുടെ നവീകരണം അതിൽ പ്രധാനപ്പെട്ട ഒന്നാണ്. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ലൈബ്രറി വളരെ ആവശ്യഘടകമാണ്. CWSN വിദ്യാർത്ഥികൾക്കായി പ്രത്യേക മുറിയും അതിനോട് ചേർന്ന ടോയ്‌ലറ്റ് സൗകര്യവും ആത്യാവശ്യമാണ്. കൗൺസലിങ്ങിനായി പ്രത്യേക മുറി സജ്ജീകരിക്കേണ്ടതുണ്ട്. പാചകശാലയുംഹാളും ഒരുക്കേണ്ടതാണ്. കുടിവെള്ളവിതരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കായിക പരിശീലനത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആവശ്യമാണ്. ബയോഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിലും മാലിന്യസംസ്കരണം കൂടുതൽ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ കൂടി ഉണ്ടെങ്കിൽ കൂടുതൽ സുന്ദരശുചിത്വ വിദ്യാലയം വിഭാവനം ചെയ്യാൻ സാധിക്കുമെന്നതിൽ സംശയമില്ല.

## മേഖല ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുന്ദരശുചിത്വ വിദ്യാലയം | സുരക്ഷിതവും ശുചിത്യവുമുള്ളതും ആകർഷകവുമായ കെട്ടിടം | 2017-18 മുതൽ | സർക്കാർ MP, MLA | |
| വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പഠനം | സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം, സ്മാർട്ട് ബോർഡ്, മൈക്ക്, എൽ,സി,ഡി, പ്രോജക്ടർ, ലാപ്ടോപ്പ് മുതലായവ ഉൾപ്പെട്ട ക്ലാസ്സ് റൂമുകൾ | 2017-18 മുതൽ | സർക്കാർ MP, MLA | |

| | | | | |
|---|---|---|---|---|
| ലാബുകളുടെ നവീകരണം | ഓരോ വിഷയങ്ങളും പഠിപ്പിക്കാനുതകുന്ന ഐ.സി.ടി ഉപകരണങ്ങൾ ഉൾപ്പെട്ട സ്മാർട്ട് ലാബുകൾ | 2017-18 മുതൽ | പ്രിൻസിപ്പാൾ | MP, MLA |
| ടോയലറ്റ് നിർമ്മാണം | ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്ലറ്റ് നിർമ്മാണം. | 2017-18 മുതൽ | OSA അധ്യാപകർ | |
| ഓഫീസ്മുറി, സ്റ്റാഫ് മുറി നവീകരണം | ഐ.സി.ടി ഉപകരണങ്ങളോടുകൂടിയ ഓഫീസ്, സ്റ്റാഫ് റൂം എന്നിവ നിർമ്മിക്കുക. | | | |
| ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി | സ്മാർട്ട് ലൈബ്രറികൾ വിവിധ വിഷയങ്ങൾക്കായി പ്രത്യേകം ലൈബ്രറികൾ സജ്ജമാക്കുക | | | |
| കായിക പരിശീലനത്തിന് ആവശ്യമായ സംവിധാനങ്ങൾ | വിദ്യാർത്ഥികൾക്കായി കളിസ്ഥലം, നീന്തൽകൂട്ടം, വിവിധകായിക ഇനങ്ങൾക്കായുള്ള ഉപകരണങ്ങൾ സജ്ജമാക്കൽ | | കോർപ്പറേഷൻ | |
| കുടിവെള്ള വിതരണം | ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | വികസന സമിതി ഒ.എസ്.എ അദ്ധ്യാപകർ | കോർപ്പറേഷൻ |
| ഭക്ഷണസൗകര്യം ഏർപ്പെടുത്തൽ | വിദ്യാർത്ഥികൾക്കാവശ്യമായ ഭക്ഷണം നൽകാനുള്ള കാന്റീൻ ലഭ്യമാക്കുക. | | പി.ടി.എ. വികസന സമിതി | കോർപ്പറേഷൻ |

## സമൂഹബന്ധ ആസൂത്രണരേഖ

സമൂഹത്തിന്റെ സക്രിയമായ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കുക എന്നതാണല്ലോ. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ സവിശേഷത വിദ്യാലയത്തേയും സമൂഹത്തേയും ബന്ധിപ്പിച്ചുകൊണ്ട് വിദ്യാലയത്തെ പുരോഗതിയുടെ പാതയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ എസ്.എം.എസ് ലൂടെ പ്രാവർത്തികമാക്കാം.

വിദ്യാലയ പരിസരവാസികളുടെയും പൂർവ്വവിദ്യാർത്ഥികളുടേയും വിദ്യാലയ അഭ്യുദയകാംക്ഷികളുടേയും സേവനം പരമാവധി ലഭ്യമാക്കുകയായിരിക്കണം. നമ്മുടെ ലക്ഷ്യം. നമ്മുടെ വിദ്യാലയത്തിനുവേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന ജാതം,ചരടത്തു,ടങ്ങളു,ങ്ങ എന്നിവരുടെ സേവനങ്ങൾ പ്രശംസനീയമാണ്. ഇവരുടെ സഹായത്തോടെ വിദ്യാലയവികസനത്തിനുവേണ്ട പ്രവർത്തനങ്ങൾ നമുക്ക് കൂടുതൽ ശക്തമാക്കാം. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ വിദ്യാലയത്തെ എത്തിക്കാൻ നമുക്ക് പരിശ്രമിക്കാം.

## മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പൂന്തോട്ട നിർമ്മാണം | 2018 - മുതൽ | അധ്യാപകർ, വിദ്യാർത്ഥികൾ | 30,000 |
| | സ്ക്കൂൾ എഫ്.എം | എല്ലാ ദിവസവും | അധ്യാപകർ, വിദ്യാർത്ഥികൾ | 10,000 |
| | സ്ക്കൂൾ ലൈബ്രറിയെ സർക്കാർ വായനശാലകളുമായി ഏകോപനം | എല്ലാ ശനിയാഴ്ചകളിലും | ലൈബ്രറി കൺവിനർ | പി.ടി.എ |
| | യോഗ, കരാട്ടെ, കുങ്ഫു | എല്ലാ ദിവസവും | പ്രത്യേക പരിശീലകർ | |
| | ഡിജിറ്റൽ വിദ്യാഭ്യാസം | ആഴ്ചയിൽ ഒരിക്കൽ | ഐ.ടി കോഡിനേറ്റർ | |
| | പൊതുസ്ഥാനങ്ങൾ, സന്ദർശനം- | Term - wise | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ പരിശീലിക്കുക | | | |
| | ജീവകാരുണ്യ പ്രവർത്തനങ്ങൾ പരിശീലിക്കുക | monthly | എൻ.എസ്.എസ് | |
| | പ്രമുഖ വ്യക്തികളുമായി അഭിമുഖം ചർച്ച എന്നിവ നടത്തുക | monthly | എൻ.എസ്,എസ് | |
| | കാർഷികം ജൈവ വൈവിധ്യ പാർക്ക്, കാർഷിക സംസ്ക്കാരം വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ | monthly | എൻ.എസ്.എസ് | |

വിഷയം-മലയാളം

യു.പി.വിഭാഗം

അവസ്ഥാവിശകലനം

1, അക്ഷരം ഉറക്കാത്ത അവസ്ഥ
2, ഭാഷാപ്രയോഗ ശേഷികുറവ്
3, അക്ഷരതെറ്റുകളോടുകൂടിയ ലേഖനം

പ്രവർത്തനപരിപാടിയുടെ പേര്-മധുരം മലയാളം

പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

1, അക്ഷരങ്ങൾ ഉറയ്ക്കുന്നു.
2, ഭാഷാ ലിഖിതമായും, വാചികമായും അനായാസം വിവിധ വ്യവഹാരരൂപങ്ങളിൽ പ്രയോഗിക്കാനുള്ള ശേഷി നേടുന്നു.
3, പുതിയ സന്ദർഭങ്ങളിൽ ഭാഷ സർഗാത്മകമായി ഉപയോഗിക്കാനുള്ള കഴിവ് നേടുന്നു.

പ്രവർത്തനം

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണകാലം | റിമാർക്സ് |
|---|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ | 1, ടെസ്റ്റ് നടത്തി അക്ഷരം ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്തുന്നു.<br>2,അക്ഷരം ഉറപ്പിക്കാനായി അക്ഷര കാർഡുകൾ കാണിക്കുന്നു<br>3, ചിഹ്നങ്ങൾ ഉറപ്പിക്കൽ | 1 മാസം | |
| 2 | വാക്കുകളുടെയും വാക്യങ്ങളുടെയും രൂപീകരണം | 4, അക്ഷരകാർഡ് നൽകി വാക്കുകൾ നിർമ്മിക്കുന്നു.<br>5, വാക്കുകളുടെ കാർഡ് ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു<br>6, ചിത്രങ്ങൾക്ക് അനുയോജ്യമായ അടികുറിപ്പ് തയ്യാറാക്കൽ.<br>7, ചിത്രങ്ങൾക്ക് അനുയോജ്യമായ കഥാരചന.<br>8, കഥ പറയൽ.<br>9, കഥ ബാക്കി എഴുതൽ<br>10, കഥാപുസ്തകം നല്കൽ<br>11, കഥ വായിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കൽ<br>12, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ<br>13,ജീവചരിത്രകുറിപ്പ് തയ്യാറാക്കൽ<br>ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ഘട്ടങ്ങളായി നിർവഹിക്കുന്നു. | 2 മാസം<br>3 മാസം | |

# ഉപസംഹാരം

ഗുണനിലവാരം മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ളതിനുള്ള പരിശ്രമത്തിലാണ്. മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ക്ലാസ്സ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളായി സമൃദ്ധമാക്കാനും വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവികസനങ്ങൾ നടക്കുവാനുമുള്ള വേദിയാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങളാണ് ഇവിടെ ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്തുന്നതോടൊപ്പം ഓരോ കുട്ടിയുടേയും വ്യക്തിത്വവികസനം പരമാവധി നടത്തുവാൽ ശ്രമിക്കുന്ന ഒരു അക്കാദമിക് പ്ലാൻ ആണ് തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്. ഇതിനായി എല്ലാ വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും വിദ്യാലയ വികസനത്തിൽ തത്പരരായ എല്ലാവരുടേയും മുമ്പാകെ ഈ അക്കാദമിക് പ്ലാൻ സമർപ്പിക്കുന്നു.